LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

264(2620) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം.ബി.ബി.എസ്. ബിരുദധാരികൾ ഉൾപ്പെടെ പ്രൊഫഷണൽ ബിരുദധാരികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊഫഷണൽ ബിരുദധാരികളായ എത്ര പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്ക് കാത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രൊഫഷണൽ ബിരുദധാരികളായ 1,71,790 ഉദ്യോഗാർത്ഥികളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് ജോലിക്കായി കാത്തിരിക്കുന്നത്.

പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്

265(2621) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്?

കണ്ണൂർ ജില്ലയിലെ ചുവടെ പറയുന്ന താലൂക്കുകളിൽ 2020 ജനുവരി മുതൽ 2021 ജൂൺ വരെ പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിനായി ലഭിച്ച അപേക്ഷകളുടെയും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	താലൂക്കിന്റെ പേര്	ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ സർട്ടിഫിക്കറ്റുകളുടെ എണ്ണം
(1)	(2)	(3)	(4)
1	തലശ്ശേരി	1733	882
2	കണ്ണൂർ	3791	3146